# <u>പരസ്യ ക്രീയേറ്റീവുകൾക്കുള്ള എംപാനൽമെന്റ്</u>

## വിജ്ഞാപനം

റഫറൻസ് നമ്പർ : ബി2/10756/2025/KWC

വിജ്ഞാപന തീയതി: 26.12.2025

അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി:03.01.2026

സാങ്കേതിക വൈദഗ്ധ്യ അവതരണത്തിനും പരിശോധനയ്ക്കും ഉള്ള തീയതിയും സമയവും പിന്നീട് അറിയിക്കുന്നതാണ്.

http://keralawomenscommission.gov.in (What's new )

Phone No: 8281199055 (പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയം)

<u>ടെലിവിഷൻ/സോഷ്യൽമീഡിയ / റേഡിയോ പരസ്യക്രിയേറ്റീവുകൾ</u>

**പൊതുയോഗ്യതാ മാനദണ്ഡം:**

സോഷ്യൽ മീഡിയ ,ടിവി പരസ്യചിത്രങ്ങൾ, റേഡിയോ പരസ്യം, ഷോർട്ട് വീഡിയോ, പോസ്റ്ററുകൾ, ഇൻഫോഗ്രാഫിക്സ്, അനിമേഷൻ (20, 3D,GIF), മോഷൻ ഗ്രാഫിക്സ്, സോഷ്യൽ മീഡിയ ബാനറുകൾ എന്നിവ നിർമിക്കുന്നതിൽ കുറഞ്ഞത് അഞ്ചുവർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം (സർക്കാർ വകുപ്പുകൾക്ക് സേവനം നൽകിയിട്ടുള്ളവർക്ക് മുൻഗണന). ബന്ധപ്പെട്ട മേഖലയിൽ കുറഞ്ഞത് 10 പരസ്യ ക്രീയേറ്റീവുകൾ ചെയ്തിരിക്കണം.

**പൊതുനിർദേശങ്ങൾ**

ഏജൻസികൾക്കും വ്യക്തികൾക്കും അപേക്ഷിക്കാം.

പാനൽ നിലവിൽ വന്ന് ഒരു വർഷമാകും കാലാവധി.

അപേക്ഷകരുടെ ഓരോ വിഭാഗം പ്രവൃത്തിയിലുമുള്ള പരിചയം, സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടുള്ള സേവനം എന്നിവ പരിഗണിച്ചാവും എംപാനൽമെന്റ്

സെലക്ട് കമ്മിറ്റിയുടെ നിർദേശപ്രകാരമാണ് നിശ്ചിത യോഗ്യതയുള്ളവരെ പാനലിൽ ഉൾപ്പെടുത്തുക.

തിരുവനന്തപുരത്ത് ക്രിയേറ്റീവ് യൂണിറ്റും മറ്റ് അവശ്യസാങ്കേതികസൗകര്യങ്ങളും ഉണ്ടാവണം.

24 x 7 സേവനത്തിന് സന്നദ്ധരായിരിക്കണം.

കമ്മീഷന്റെ ആവശ്യമനുസരിച്ച് മലയാളം, ഇംഗ്ളീഷ്, ഹിന്ദി ഭാഷകളിൽ ഗുണനിലവാരമുള്ള ക്രീയേറ്റിവുകൾ നിർമിച്ച് നൽകാനാകണം.

എംപാനൽ ചെയ്യപ്പെടുന്നവർക്ക് അക്കാദമികയോഗ്യതകളും, സാങ്കേതിക പരിചയമുള്ളവരുടെയും സേവനം ലഭ്യമാണോയെന്ന് വകുപ്പ് പരിശോധിക്കുന്നതാണ്.

എംപാനൽ ചെയ്യപ്പെടുന്നവർക്ക് എസ്റ്റിമേറ്റ് അംഗീകരിച്ച് വർക്ക് ഓർഡർ നൽകുന്നതിനും പ്രതിഫലം നിശ്ചയിക്കുന്നതിനും ചുവടെ ചേർക്കുന്ന രീതിയാണ് സ്വീകരിക്കുക.

ടി.വി, സോഷ്യൽ മീഡിയ പരസ്യം, അനിമേഷൻ, ഹ്രസ്വചിത്രങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്റർ, ഇൻഫോഗ്രാഫിക്സ്, മോഷൻ ഗ്രാഫിക്സ് തുടങ്ങിയ ആവിഷ്കാരങ്ങൾക്ക് ആശയവും സ്റ്റോറി ബോർഡും അടങ്ങുന്ന പ്രൊപോസൽ എംപാനൽ ചെയ്തവരിൽനിന്ന് സ്വീകരിക്കും. ആയതിലേക്കുള്ള ബജറ്റ് സീൽ ചെയ്ത കവറിൽ പ്രത്യേകം സമർപ്പിക്കണം. തെരഞ്ഞെടുക്കുന്ന പ്രൊപോസലുകളിൽ ബജറ്റ് പരിശോധിച്ച് നെഗോഷ്യേറ്റ് ചെയ്ത് നിർവഹണത്തിനുള്ള പരമാവധി നിശ്ചയിക്കും.

നിർമാണത്തിന് ശേഷം കോസ്റ്റ് കമ്മിറ്റി വിലയിരുത്തി അന്തിമ തുക പ്രതിഫലമായി നിശ്ചയിക്കും.

അപേക്ഷകൾ കേരള വനിതാ കമ്മീഷൻ ,പി എം ജി ,പട്ടം പി.ഒ,തിരുവനന്തപുരം 04

എന്ന വിലാസത്തിൽ തപാലിലോ, നേരിട്ടോ ലഭ്യമാക്കണം. 2026 ജനുവരി 03 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി അപേക്ഷകൾ ലഭിച്ചിരിക്കണം. വൈകി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

(ഒപ്പ്/-)
ജയശ്രീ.ആർ
മെമ്പർ സെക്രട്ടറിക്കുവേണ്ടി

# APPLICATION FORM

| Sl. No | Information sought | Details to be furnished | | |
|---|---|---|---|---|
| 1 | **Contact Details of the Applicant** | | | |
| 1.1 | Name of Organzation /Applicant | | | |
| 1.2 | Category to which the Application is submitted | | | |
| 1.3 | Address for Communication | | | |
| 1.4 | Mobile | | | |
| 1.5 | E-mail | | | |
| 1.6 | Website(If agency) | | | |
| 1.7 | Name of key functionary and designation(if Agency) | | | |
| 1.8 | Email of key functionary | | | |
| 1.9 | Mobile No.o fkeyfunctionary | | | |
| **2** | **Business Information (foragency)** | | | |
| 2.1 | Registration Number | | | |
| 2.2 | Registration Status of the Organization(Public/ PrivateLtd./Company/Society/Trust/ Consortium/ Joint Venture/ etc.) | | | |
| 2.3 | Year of Establishment | | | |
| 2.4 | Details of Registration(attach the photocopy of the Incorporation Certificate/Registration/Agreement) | | | |
| 2.5 | PAN No. | | | |
| 2.6 | GST Registration No. | | | |

Signature with date

**സത്യപ്രസ്താവന**

കേരള സർക്കാരോ/മറ്റ് സർക്കാർ സ്ഥാപനങ്ങളോ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ പ്രസിദ്ധീകരിച്ചിട്ടുള്ള കരിമ്പട്ടികയിൽ ഞാൻ/എന്റെ സ്ഥാപനം ഉൾപ്പെട്ടിട്ടില്ല എന്ന് സത്യപ്രസ്താവന ചെയ്യുന്നു.

Signature with date

Place: seal (if agency)

Date: